'കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടം' പരിഷ്ക്കരിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തിട്ടുണ്ട്. ടി ചട്ടം നിലവിൽവരുന്നപക്ഷം ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ നിരോധിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റിക്ക് ലഭ്യമാകും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പാൻമസാലയുടെ ഉപയോഗം സ്കൂൾ/കോളേജ് വിദ്യാർത്ഥികളെയും യുവാക്കളെയും അതിന് അടിമകളാക്കും എന്നതുകൊണ്ട് ഇതു തുടർന്നും ഉപയോഗിക്കാനുള്ള പ്രവണത ഉണ്ടാക്കുന്നു. വളരെ ചുരുങ്ങിയ കാലയളവിലെ ഉപയോഗം കൊണ്ടുതന്നെ കാൻസറിന് മുന്നോടിയായുള്ള 'ലുക്കോ പ്ലാക്കിയ' എന്ന അവസ്ഥ ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് പിന്നീട് വായിലെ കാൻസറായി രൂപാന്തരപെടുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ എല്ലാതരത്തിലുള്ള പാൻമസാലകളും സംസ്ഥാനത്ത് നിരോധിക്കുന്നതിനുള്ള നിയമനിർമ്മാണം അനിവാര്യമാണ് എന്നാണ് വിദഗ്ദ്ധാഭിപ്രായം.

(എഫ്) കാൻസർ പോലുള്ള ഗുരുതരവും മാരകവുമായ രോഗങ്ങൾക്ക് കാരണമാകുന്ന പുകയില ചേർന്ന പാൻമസാലയുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന എന്നിവ നിരോധിച്ചുകൊണ്ട് സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം രണ്ടുപ്രാവശ്യം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമത്തിന്റെ അപര്യാപ്തത കാണിച്ച് അസാധുവാക്കി. അതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി 'കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടം' പരിഷ്ക്കരിക്കാൻ സർക്കാർ നടപടി എടുത്തിട്ടുണ്ട്. ടി ചട്ടം നിലവിൽവരുന്നപക്ഷം ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ നിരോധിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റിക്ക് ലഭ്യമാകും.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഭവന നിർമ്മാണ പദ്ധതി

*20 [400] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള പിന്നോക്കക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്. ഇന്ദിര ആവാസ് യോജന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇതനുസരിച്ച് മൊത്തം വിഹിതത്തിന്റെ 60% പട്ടിക ജാതി/വർഗ്ഗക്കാർക്കും 40% ഇതര വിഭാഗങ്ങൾക്കുമായി നീക്കിവെയ്ക്കുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [ജി.ഒ. (എം.എസ്.) 232/04/ആഭ്യ. തീയതി 30-6-2004]

അനുബന്ധം IV

[19-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20 (*400) കാണുക.]

ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ ഉണ്ടാക്കികൊടുക്കുക എന്നതാണ്. ഗുണഭോക്താക്കൾ സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമല്ലാത്ത വീട് ഇല്ലാത്തവരും ആയിരിക്കണം. ഇതര സമുദായങ്ങളിൽപ്പെട്ടവർക്കുള്ള വിഹിതം മൊത്തം വിഹിതത്തിന്റെ 40 ശതമാനത്തിൽ കവിയാൻ പാടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ലക്ഷ്യ വിഭാഗത്തിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം താഴെ കൊടുത്തിരിക്കുന്നു.

1. മോചിപ്പിക്കപ്പെട്ട അടിമത്തൊഴിലാളികൾ.
2. അധിക്രമത്തിന് വിധേയരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
3. വിധവകളും അവിവാഹിതകളും കുടുംബനാഥരായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
4. വെള്ളപ്പൊക്കം, തീ പിടുത്തം, ഭൂകമ്പം മുതലായ പ്രകൃതിക്ഷോഭങ്ങൾക്കിരയായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
5. ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ള മറ്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങൾ.

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. ഓരോ പ്രദേശത്തേയും പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തായിരിക്കും വീടുകളുടെ രൂപകൽപ്പന, വലിപ്പം, തരഭേദം എന്നിവ നിശ്ചയിക്കുക. വീടുകളുടെ തറ വിസ്തീർണ്ണം 20 ച.മീ. ആയിരിക്കണമെന്നല്ലാതെ പ്രത്യേക ഡിസൈൻ യാതൊന്നും നിശ്ചയിച്ചിട്ടില്ല. വീടിനോടനുബന്ധിച്ച് പുകയില്ലാത്ത അടുപ്പും, സാനിട്ടറി ലാട്രീനും ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ഇന്ദിരാ ആവാസ് യോജനയിൽ പരമാവധി ധനസഹായം 27,500 രൂപയാണ്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണ്. കേരളത്തിൽ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം വ്യത്യസ്ത രീതിയിലാണ് നൽകി വരുന്നത്. ഈ പോരായ്മ പരിഹരിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായം ഏകീകരിക്കണമെന്ന ആവശ്യത്തെ തുടർന്ന് ഐ.എ.വൈ. പദ്ധതി അനുസരിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കുമ്പോൾ ലഭിക്കുന്ന 27,500 രൂപയ്ക്ക് പുറമേ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽനിന്നും 13,000 രൂപ കൂടി അനുവദിക്കാൻ 1-8-2001-ലെ 27/2001 പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കുന്ന ഭവന നിർമ്മാണ പദ്ധതിയുമായി ഐ.എ.വൈ. സംയോജിപ്പിക്കണം. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവന നിർമ്മാണം ഏറ്റെടുക്കുന്ന പട്ടിക വർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. വിഹിതത്തിനു പുറമേ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയുൾപ്പെടെ പരമാവധി 75,000 രൂപ വരെ അധിക ധനസഹായമായി നൽകാവുന്നതാണ്.

ഐ.എ.വൈ. വീടുകൾ നിർമ്മിക്കുന്നതിന് ജോലികളുടെ നിർവ്വഹണവുമായി കരാറുകാരെ ബന്ധപ്പെടുത്താൻ പാടില്ല. വീടുകളുടെ നിർമ്മാണം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും ഏറ്റെടുക്കാൻ പാടില്ല. പക്ഷേ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും സംഘടനകൾക്കും വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാവുന്നതാണ്. വീടിന്റെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക ഉത്തരവാദിത്വം ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ കൂടി ഐ.എ.വൈ. വീടുകളുടെ നിർമ്മാണത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിന് നടപ്പിലാക്കപ്പെട്ട NREP, RLEGP, JRY, IAY, MWS എന്നീ പദ്ധതികളിലൂടെയും, മറ്റു സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലൂടെയും നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മിച്ചിട്ടുള്ള 12 വർഷത്തിനുമേൽ പഴക്കമുള്ള വീടുകളിൽ ഇപ്പോൾ വാസയോഗ്യമല്ലാത്തവയുടെ അറ്റകുറ്റപ്പണികൾക്കായി ഐ.എ.വൈ.-യുടെ 20 ശതമാനം തുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

നീക്കിവെച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗുണഭോക്താക്കൾക്കായിരിക്കും സഹായധനം ലഭിക്കുക. ഇതനുസരിച്ച് പരമാവധി ധനസഹായം വീടൊന്നിന് 12,500 രൂപയായിരിക്കും.

2004-05 സാമ്പത്തിക വർഷം ഭവന നിർമ്മാണ പരിപാടികൾക്ക് കേരളത്തിലെ 14 ജില്ലകൾക്കായി 5763.87 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതമായി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly